## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.695

28.02.2018 ന് മറുപടിയ്ക്ക്.

### ടൂറിസം കേന്ദ്രങ്ങളിലെ ബോട്ടുസവാരി വന്യമൃഗങ്ങളെ ബാധിക്കുന്ന കാര്യം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| സംസ്ഥാനത്തെ ഹൈഡൽ ടൂറിസം കേന്ദ്രങ്ങളിൽ വൻപിച്ച രീതിയിലുള്ള ബോട്ടുസവാരി വന്യമൃഗങ്ങളെ ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച റിപ്പോർട്ട് വൈദ്യുതി വകുപ്പിന് നൽകിയിട്ടുണ്ടോ? | കോഴിക്കോട് ജില്ലയിലെ കക്കയം ഡാം, ഇടുക്കി ജില്ലയിലെ ആനയിറങ്ങൽ ഡാം എന്നിവിടങ്ങളിൽ കേരള ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുന്ന ബോട്ട് സവാരി വന്യമൃഗങ്ങളേയും അവയുടെ ആവാസവ്യവസ്ഥയേയും ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലാ കളക്ടർ കക്കയത്തുള്ള ബോട്ട് യാത്ര നിർത്തുന്നതിന് ഉത്തരവിട്ടിട്ടുണ്ട്. നിലവിൽ കേരള ഹൈഡൽ ടൂറിസം സെന്റർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.സി. 15467/16 നമ്പർ കേസ്സിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കക്കയത്ത് ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ടുള്ള ബോട്ട് സവാരി തുടർന്നു വരുന്നത്. മൂന്നാർ ഡിവിഷനിലെ ആനയിറങ്ങൽ ഡാമിലെ ബോട്ടിംഗ് അവസാനിപ്പിക്കണമെന്ന് ജില്ലാ കളക്ടറോടും ഹൈഡൽ ടൂറിസം ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ